സൂറഃ-8

# അൽ അൻഫാൽ

وَإِذْ يَعِدُكُمُ ٱللَّهُ إِحْدَى ٱلطَّآئِفَتَيْنِ أَنَّهَا لَكُمْ وَتَوَدُّونَ أَنَّ غَيْرَ
ذَاتِ ٱلشَّوْكَةِ تَكُونُ لَكُمْ وَيُرِيدُ ٱللَّهُ أَن يُحِقَّ ٱلْحَقَّ بِكَلِمَٰتِهِۦ وَيَقْطَعَ
دَابِرَ ٱلْكَٰفِرِينَ ﴿٧﴾

لِيُحِقَّ ٱلْحَقَّ وَيُبْطِلَ ٱلْبَٰطِلَ وَلَوْ كَرِهَ ٱلْمُجْرِمُونَ ﴿٨﴾

إِذْ تَسْتَغِيثُونَ رَبَّكُمْ فَٱسْتَجَابَ لَكُمْ أَنِّى مُمِدُّكُم بِأَلْفٍ مِّنَ ٱلْمَلَٰٓئِكَةِ
مُرْدِفِينَ ﴿٩﴾

**7.** രണ്ടു സംഘങ്ങളിൽ ഏതെങ്കിലുമൊന്ന് നിങ്ങൾക്ക് ഏറ്റുമുട്ടാൻ ലഭിക്കുമെന്ന് അല്ലാഹു നിങ്ങളോട് വാഗ്ദത്തം ചെയ്തിരുന്നതും ഓർക്കുക. ഏറ്റുമുട്ടാൻ ശൗര്യം കുറഞ്ഞ സംഘത്തെ ലഭിക്കണമെന്നാണ് നിങ്ങളാഗ്രഹിച്ചിരുന്നത്. എന്നാൽ അല്ലാഹു ഉദ്ദേശിക്കുന്നതോ, തന്റെ വചനങ്ങളാൽ സത്യത്തെ സത്യമായി പുലർത്താനും അസത്യവാദികളുടെ മുരടറുക്കാനുമാകുന്നു.

**8.** സത്യത്തെ സാക്ഷാത്കരിക്കാനും മിഥ്യയെ തകർത്തുകളയാനുമാണത്; ധർമധിക്കാരികൾക്ക് അതെത്ര അരോചകമായിരുന്നാലും.

**9.** ആപത്രക്ഷക്കുവേണ്ടി നിങ്ങൾ നാഥനെ വിളിച്ചു പ്രാർഥിച്ചതോർക്കുക. അപ്പോൾ അവൻ ആ വിളികേട്ട്, ഒരായിരം മലക്കുകളെ തുടരെ അയച്ചുകൊണ്ട് ഞാനിതാ നിങ്ങളെ സഹായിക്കുന്നു എന്ന് ഉത്തരമരുളി.

وَإِذْ يَعِدُكُمُ ٱللَّهُ = അല്ലാഹു നിങ്ങളോട് വാഗ്ദത്തം ചെയ്തതോർക്കുക  إِحْدَى ٱلطَّآئِفَتَيْنِ = രണ്ടു സംഘങ്ങളിൽ ഒന്ന്
أَنَّهَا لَكُمْ = അത് നിങ്ങൾക്ക് ഉള്ളതാകുന്നു (ഏറ്റുമുട്ടാൻ ലഭിക്കും എന്ന്)  وَتَوَدُّونَ = നിങ്ങൾ ആഗ്രഹിക്കുന്നു(ന്നത്)
أَنَّ غَيْرَ ذَاتِ ٱلشَّوْكَةِ = (ശൗര്യം കുറഞ്ഞ സംഘത്തെ) മുള്ള്, ശക്തി ഉള്ളതൊഴിച്ച്
تَكُونُ لَكُمْ = (ഏറ്റുമുട്ടാൻ ലഭിക്കണമെന്ന്) നിങ്ങൾക്ക് ആകും  وَيُرِيدُ ٱللَّهُ = എന്നാൽ അല്ലാഹു ഉദ്ദേശിക്കുന്നതോ
أَن يُحِقَّ = (സത്യമായി പുലർത്താൻ) സത്യമാക്കാൻ  ٱلْحَقَّ = സത്യത്തെ  بِكَلِمَٰتِهِۦ = അവന്റെ വചനങ്ങളാൽ
وَيَقْطَعَ = മുറിക്കാൻ, അറുക്കാനും ആകുന്നു  دَابِرَ = മൂട്, മുരട്  ٱلْكَٰفِرِينَ = അസത്യവാദികളുടെ
لِيُحِقَّ ٱلْحَقَّ = (സാക്ഷാത്കരിക്കാനും) സത്യത്തെ സത്യമാക്കാൻ  وَيُبْطِلَ ٱلْبَٰطِلَ = മിഥ്യയെ തകർത്തുകളയാനും(ആണ് അത്)
وَلَوْ كَرِهَ = (അത് എത്ര അരോചകമായിരുന്നാലും) വെറുത്താലും  ٱلْمُجْرِمُونَ = (ധർമധിക്കാരികൾക്ക്) കുറ്റവാളികൾ
إِذْ تَسْتَغِيثُونَ = നിങ്ങൾ ആപത്രക്ഷക്കായി വിളിച്ചു പ്രാർഥിച്ചതോർക്കുക  رَبَّكُمْ = നിങ്ങളുടെ നാഥനെ
فَٱسْتَجَابَ لَكُمْ = അപ്പോൾ അവൻ (ആ വിളികേട്ട്) നിങ്ങൾക്ക് ഉത്തരമരുളി  أَنِّى = (ഇതാ) എന്തെന്നാൽ ഞാൻ
مُمِدُّكُم = നിങ്ങളെ സഹായിക്കു(ന്നു)ന്നവനാകുന്നു  بِأَلْفٍ = ഒരായിരം കൊണ്ട്  مِّنَ ٱلْمَلَٰٓئِكَةِ = മലക്കുകളാൽ
مُرْدِفِينَ = (അയച്ചുകൊണ്ട്) തുടരെ, ഒന്നിനുപിറകെ ഒന്നായി

**7:** ഒരു കാര്യം പ്രവാചകൻ കൽപിക്കുന്നു എന്നത് അക്കാര്യം സത്യമാണ് എന്നതിന്റെ തെളിവാണ്. അതിനു പുറമെ ബദ്റിന്റെ കാര്യത്തിൽ തുടക്കത്തിൽതന്നെ വിജയകരമായ ഒരേറ്റമുട്ടൽ അല്ലാഹു അവർക്ക് വാഗ്ദത്തം ചെയ്തിട്ടുമുണ്ടായിരുന്നു. രണ്ടു സംഘം കൊണ്ടുദ്ദേശ്യം അബൂസുഫ്യാന്റെ നേതൃത്വത്തിലുള്ള കച്ചവടസംഘവും അബൂജഹ്ലിന്റെ നേതൃത്വത്തിലുള്ള സൈനികസംഘവുമാണ്. ഒന്നുകിൽ കച്ചവടസംഘത്തെ, അല്ലെങ്കിൽ കച്ചവടസംഘത്തെ രക്ഷിക്കാനെന്ന നാട്യത്തിൽ ഇസ്‌ലാമിനെയും മുസ്‌ലിംകളെയും നാമാവശേഷമാക്കാൻ എത്തുന്ന ഖുറൈശിപ്പടയെ കീഴടക്കാമെന്നായിരുന്നു വാഗ്ദാനം. മുമ്പിലുണ്ടായിരുന്നത് കച്ചവടസംഘമായതുകൊണ്ട് അവരെയാണ് നേരിടേണ്ടിവരികയെന്നായിരുന്നു പൊതുവിൽ എല്ലാവരും കരുതിയിരുന്നത്. നിരായുധരും അംഗബലം കുറഞ്ഞവരും ധാരാളം ധനം കൈവശമുള്ളവരുമായ കച്ചവട സംഘത്തെ ജയിക്കുന്നത് വളരെ എളുപ്പവും ലാഭകരവുമാണല്ലോ. കച്ചവട സംഘം കൈവിട്ടുപോയെന്നും ഖുറൈശിപ്പട അടുത്തെത്തിയെന്നും അറിഞ്ഞപ്പോഴാണ് രണ്ടാമത്തെ സാധ്യതയുടെ ഗൗരവത്തെക്കുറിച്ച് വിശ്വാസികൾ ശരിക്കും ബോധവാന്മാരായത്. യഥാർഥത്തിൽ മുസ്‌ലിംകൾ ഏറ്റുമുട്ടേണ്ടത് ആരോടാണെന്ന് അല്ലാഹു നേരത്തേ തീരുമാനിച്ചിരുന്നതാണ്. അവനത് തന്റെ ദൂതനെ തീർച്ചയായും അറിയിച്ചിട്ടുമുണ്ടായിരിക്കണം. പ്രവാചകൻ അത് അവ്യക്തമാക്കിവെച്ചത് ഉദ്ദേശ്യപൂർവമാണെന്നുവേണം കരുതാൻ. ഖുറൈശിപ്പടയോടാണ് ഏറ്റുമുട്ടേണ്ടത് എന്ന് നേരത്തേ പറഞ്ഞിരുന്നുവെങ്കിൽ അവർക്കിടയിൽ അഭിപ്രായഭിന്നത രൂക്ഷമാകുമായിരുന്നു. നിരായുധരായ കച്ചവടസംഘത്തെ നേരിടാൻ തന്നെ പേടിക്കുന്നവർ അക്കൂട്ടത്തിലുണ്ടായിരുന്നുവല്ലോ. സംഘട്ടനം ഒഴിവാക്കാനാവാത്ത സാഹചര്യത്തിലെത്തിയ ശേഷം അത് എത്ര ഗുരുതരമായിരിക്കുമെന്നറിഞ്ഞാലും പൊതുവിൽ അതുമായി പൊരുത്തപ്പെടാൻ വിശ്വാസികൾ നിർബന്ധിതരാകും. തീരെ ദുർബലരായ വിശ്വാസികളും കപടന്മാരും മാത്രമേ പിന്തിരിയൂ. തികഞ്ഞ കപടന്മാരെയും ദുർബലവിശ്വാസികളെയും തിരിച്ചറിയാനുള്ള ഒരവസരവുമായിരിക്കും അത്.

ഒടുവിൽ ഖുറൈശിപ്പടയുടെ ആഗമനവിവരം ജനങ്ങളിലെത്തിയശേഷം പ്രവാചകൻ ശിഷ്യന്മാരുമായി കൂടിയാലോചിച്ചപ്പോൾ ജനങ്ങളുടെ പൊതുമനസ്സ് ശത്രുക്കൾ ആരായിരുന്നാലും ഉറച്ചുനിന്ന് പൊരുതാൻ പാകപ്പെട്ടിരുന്നു. ഈ സന്ദർഭത്തിൽ മുഹാജിറുകളെ പ്രതിനിധീകരിച്ച് മിഖ്ദാദുബ്നു അംറും അൻസ്വാറുകളെ പ്രതിനിധീകരിച്ച് സൈദുബ്നു മുആദും പറഞ്ഞ വാക്കുകൾ ചരിത്രത്തിൽ തങ്കലിപികളാൽ ഉല്ലേഖനം ചെയ്യപ്പെട്ടിട്ടുള്ളതാണ്. മിഖ്ദാദ് പറഞ്ഞു: "അല്ലാഹുവിന്റെ തിരുദൂതരേ, അങ്ങയുടെ അഭിപ്രായമനുസരിച്ച് പ്രവർത്തിച്ചുകൊള്ളുക. അതെന്തായാലും ഞങ്ങൾ അങ്ങയോടൊപ്പമുണ്ടാകും. ഇസ്രാഈല്യർ മൂസാനബിയോട് പറഞ്ഞതുപോലെ, 'നീയും നിന്റെ നാഥനും പോയി യുദ്ധം ചെയ്തുകൊള്ളുക. ഞങ്ങൾ ഇവിടെ ഇരിക്കാം' എന്ന് അല്ലാഹുവാണ, ഞങ്ങൾ പറയില്ല. 'നീയും നിന്റെ നാഥനും യുദ്ധം ചെയ്യുക, ഒപ്പം ഞങ്ങളും യുദ്ധം ചെയ്യാം' എന്നേ ഞങ്ങൾ പറയൂ." ആരും അതിനെ എതിർക്കുകയുണ്ടായില്ല. അൻസ്വാറുകളെ പ്രതിനിധീകരിച്ച് സൈദുബ്നു മുആദ് പ്രസ്താവിച്ചു: "അങ്ങയെ വിശ്വസിക്കുകയും അംഗീകരിക്കുകയും അങ്ങ് കൊണ്ടുവന്നത് സത്യമാണെന്ന് സാക്ഷ്യപ്പെടുത്തുകയും ചെയ്തവരാണ് ഞങ്ങൾ. അങ്ങയെ അനുസരിക്കുമെന്ന് ഞങ്ങൾ കരാർ ചെയ്തിട്ടുമുണ്ട്. അതിനാൽ അങ്ങ് വിചാരിക്കുന്നത് ചെയ്തുകൊള്ളുക. ഞങ്ങൾ അങ്ങയോടൊപ്പമുണ്ടാവും. അങ്ങയെ നിയോഗിച്ച അല്ലാഹുവാണ, നമ്മൾ ഒരു കടലിനു മുമ്പിലെത്തുകയും അങ്ങ് അതിൽ ചാടുകയുമാണെങ്കിൽ ഒപ്പം ഞങ്ങളും ചാടും. ഞങ്ങളിലാരും പിന്തിരിയുകയില്ല. നാളെ തന്നെ ഞങ്ങളെ ശത്രുക്കൾക്കഭിമുഖമായി നിർത്തിക്കൊള്ളൂ. നിർഭയം രണാങ്കണത്തിലുറച്ചുനിന്ന് ശത്രുക്കളെ നേരിടാൻ വേണ്ട കരുത്തും സഹനശേഷിയും ധൈര്യവും ഞങ്ങൾക്കുണ്ട്. അങ്ങയുടെ കൺകുളിർക്കുന്ന കാഴ്ചകൾ ഞങ്ങളാൽ അല്ലാഹു അങ്ങേക്ക് കാണിച്ചുതരുമാറാകട്ടെ. അല്ലാഹുവിന്റെ അനുഗ്രഹത്തോടെ ഞങ്ങളെ മുന്നോട്ടുനയിച്ചുകൊള്ളുക."

മുസ്‌ലിംസമൂഹത്തിന്റെ പൊതുനിലപാട് ഇതായിരുന്നുവെങ്കിലും ശത്രുക്കളെ നേരിടാൻ ഭയപ്പെടുന്നവരും അഥവാ ഏറ്റുമുട്ടുകയാണെങ്കിൽ അത് നിരായുധരായ കച്ചവടസംഘത്തോടായിരിക്കണമെന്നാഗ്രഹിക്കുന്നവരുമായ ചിലർ കൂട്ടത്തിലുണ്ടായിരുന്നു. അവരെയാണ് وَتَوَدُّونَ أَنَّ غَيْرَ ذَاتِ ٱلشَّوْكَةِ എന്ന വാക്യം പരാമർശിക്കുന്നത്. മുള്ള് എന്നും ശക്തി എന്നും, ബലവും മൂർച്ചയുമുള്ള ആയുധം എന്നും شوكة-ന് അർഥമുണ്ട്. ذَاتِ ٱلشَّوْكَةِ എന്നാൽ മുള്ളുള്ളത്, ശക്തിയും ശൗര്യവുമുള്ളത് എന്നർഥം. وَيُرِيدُ ٱللَّهُ أَن يُحِقَّ ٱلْحَقَّ بِكَلِمَٰتِهِۦ (അല്ലാഹു ഉദ്ദേശിക്കുന്നത് അവന്റെ വചനങ്ങളാൽ സത്യത്തെ സത്യമായി പുലർത്താനാകുന്നു) എന്നത് അല്ലാഹുവിന്റെ എല്ലാ നടപടികളുടെയും അടിസ്ഥാന ലക്ഷ്യമാണ്. പ്രവാചകനിലൂടെയും വേദത്തിലൂടെയും അവൻ നൽകുന്ന എല്ലാ അനുശാസനങ്ങളെയും ദൈവദാസന്മാർ സ്വീകരിക്കേണ്ടത് ആ അടിസ്ഥാനത്തിലാണ്. ദൈവികശാസനകളെ മനസ്സിലാക്കാനുള്ള ബൗദ്ധികവും പ്രകൃതിപരവുമായ മാനദണ്ഡവുമാണ് ഈ മൗലിക തത്ത്വം. ഖുറൈശി വർത്തകസംഘത്തെ തടയുന്നത് ന്യായമോ, വമ്പിച്ച ഖുറൈശിപ്പടയെ ആയുധസജ്ജീകരണങ്ങളൊന്നുമില്ലാത്ത കൊച്ചു മുസ്‌ലിം സമൂഹം നേരിടുന്നത് യുക്തിസഹമോ എന്നൊക്കെ ചിന്തിച്ചവർ ഈ മൗലിക തത്ത്വം പരിഗണിക്കേണ്ടതായിരുന്നു. അത് പരിഗണിക്കാതെ, ഭൗതികമായ ലാഭചേതങ്ങളുടെ സാധ്യതയെ മാത്രം പരിഗണിച്ചാൽ നിർണായക സന്ദർഭങ്ങളിൽ വിശ്വാസികൾ പതറിപ്പോകും. وَيَقْطَعَ دَابِرَ ٱلْكَٰفِرِينَ (അസത്യവാദികളുടെ മുരടറുക്കാനും) എന്ന വാക്യം ബദ്ർ സംഭവത്തിന്റെ പ്രത്യേക ലക്ഷ്യത്തെയാണ് സൂചിപ്പിക്കുന്നത്. അക്കാലത്ത് ശിർക്കിന്റെയും കുഫ്റിന്റെയും അടിവേരും കേന്ദ്രവുമായിരുന്നു മക്കയിലെ ഖുറൈശികൾ. അവരുടെ പരാജയം ശിർക്കിന്റെ അടിവേരിനേൽക്കുന്ന ആഘാതമായിരിക്കും. ഖുറൈശികൾ ശിർക്കിലും കുഫ്റിലും ഉറച്ചുനിൽക്കുന്നേടത്തോളം കാലം അറേബ്യയിലെ ഇതര ഗോത്രങ്ങളും അതിൽതന്നെ ഉറച്ചുനിൽക്കും. പ്രവാചകന് അവരെ സംസ്കരിക്കാനോ ദീനുൽ ഇസ്‌ലാം സ്ഥാപിക്കാനോ സാധ്യമാവുകയില്ലെന്നു മാത്രമല്ല നിലവിലുള്ള മുസ്‌ലിംസമൂഹംതന്നെ നിരന്തരമായ ഉന്മൂലന ഭീഷണി നേരിട്ടുകൊണ്ടിരിക്കുകയും ചെയ്യും.

ഖുറൈശികൾ തങ്ങളുടെ ശക്തിയെയും വിജയങ്ങളെയും തങ്ങളുടെ ബഹുദൈവവിശ്വാസം സത്യമാണെന്നതിന്റെ പ്രബലമായ തെളിവായി ഉന്നയിച്ചിരുന്നുവെന്നതാണ് മറ്റൊന്ന്. തങ്ങളുടെ മതം സത്യമാണ് എന്ന് വിശ്വസിക്കുന്നതിനാൽ 'ദൈവങ്ങളേ സത്യത്തെ വിജയിപ്പിക്കേണമേ' എന്നു പ്രാർഥിച്ചുകൊണ്ടാണവർ ബദ്റിലേക്ക് പടനയിച്ചത്. ബദ്റിൽ ഏതെങ്കിലും വിധത്തിൽ ഖുറൈശികൾക്ക് വിജയം അവകാശപ്പെടാൻ കഴിഞ്ഞിരുന്നുവെങ്കിൽ അത് അറേബ്യൻ മുശ്‌രിക്കുകളുടെ മുമ്പിൽ ഇസ്‌ലാമിനെതിരെയുള്ള ഏറ്റവും വലിയ തെളിവായിത്തീരുമായിരുന്നു. ബദ്റിലെ പരാജയം ഈ ന്യായത്തിന്റെ വേരറുത്തുകളഞ്ഞു. بِكَلِمَٰتِهِۦ (അവന്റെ വചനങ്ങളാൽ) എന്നു പറഞ്ഞതിന്റെ താൽപര്യത്തിൽ ഖുർആൻ സൂക്തങ്ങളും പ്രവാചകചര്യയിലൂടെ നൽകുന്ന നിർദേശങ്ങളും ഭൗതികവും അഭൗതികവുമായ മറ്റു ചരാചരങ്ങൾക്ക് നിശ്ചയിക്കുന്ന നിയമങ്ങളും എല്ലാം ഉൾപ്പെടുന്നു.

**8:** അസത്യവാദികളുടെ മുരടറുക്കുന്നതിന്റെയും ലക്ഷ്യം സത്യത്തെ സാക്ഷാത്കരിക്കുകയാണ്. അതിന്റെ അനിവാര്യഫ

ലമാണ് മിഥ്യ തകർക്കപ്പെടുക. സത്യത്തിന്റെ സാക്ഷാത്കാരം -അത് ഏതു വിധത്തിലായാലും- മിഥ്യയുടെ വാഹകർക്ക് അസഹ്യമാവുക സ്വാഭാവികമാണ്. പക്ഷേ, അവരുടെ ആക്ഷേപങ്ങളെയും വിമർശനങ്ങളെയും അല്ലാഹു ഒട്ടും വകവെക്കുകയില്ല.

ദീനുൽ ഇസ്‌ലാമിന്റെ പര്യായമായി حق -ഉം കുഫ്‌റിന്റെ പര്യായമായി باطل-ഉം ഉപയോഗിക്കാറുണ്ട്. അതനുസരിച്ച് لِيُحِقَّ ٱلْحَقَّ-ന് ഇസ്‌ലാമിനെ വിജയിപ്പിക്കുക എന്നും وَيُبْطِلَ ٱلْبَـٰطِلَ-ന് കുഫ്‌റിനെ പരാജയപ്പെടുത്തുക എന്നും അർഥമാവാം.

ഈ സൂറയുടെ മുഖവുരയിൽ ചൂണ്ടിക്കാണിക്കപ്പെട്ട പല കാരണങ്ങളാൽ മദീനയിലെ നവജാത ഇസ്‌ലാമികസമൂഹം ശക്തിപ്പെടുന്നതിനു മുമ്പ് ഉന്മൂലനം ചെയ്യപ്പെടണമെന്ന് ആഗ്രഹിക്കുകയും അതിനായി ഒരുക്കങ്ങൾ ചെയ്തുകൊണ്ടിരിക്കുകയുമായിരുന്നു ഖുറൈശികൾ. ഖുറൈശികളുടെ പരിപാടി ശരിക്കും മനസ്സിലാക്കുകയും അത് തടയാൻ പദ്ധതികളാലോചിക്കുകയുമായിരുന്നു മുസ്‌ലിംകൾ. ഖുറൈശി കച്ചവടസംഘത്തെ തടയാനുള്ള അവരുടെ ശ്രമം അതിന്റെ ഭാഗമായിരുന്നു. അതിനെത്തുടർന്ന് ഖുറൈശികളുമായി ഏറ്റുമുട്ടേണ്ടിവരുമെന്ന് പ്രവാചകനറിയാമായിരുന്നു.

അബൂസുഫ്‌യാന്റെ സഹായാർഥനാ സന്ദേശം ലഭിച്ചപ്പോൾ മദീനയിലെ മുസ്‌ലിംകളുടെ നേരെ ആക്രമണം അഴിച്ചുവിടാനുള്ള ഏറ്റവും നല്ല സന്ദർഭമായി ഖുറൈശികൾ അതിനെ കണ്ടു. അതുകൊണ്ടാണ് വളരെ പെട്ടെന്നുതന്നെ ആയിരത്തോളം പേരടങ്ങുന്ന സുസജ്ജമായ സൈന്യത്തെ സംഘടിപ്പിച്ചയക്കാൻ അവർക്ക് കഴിഞ്ഞത്. കച്ചവടസംഘം രക്ഷപ്പെട്ടുവെന്നറിഞ്ഞിട്ടും ഖുറൈശിപ്പട മുന്നോട്ടു പോയത് കച്ചവടസംഘത്തെ രക്ഷിക്കുക എന്ന താൽക്കാലിക ലക്ഷ്യത്തോടൊപ്പം അതിനേക്കാൾ പ്രധാനമായി, ഇസ്‌ലാമിനെ ഉന്മൂലനം ചെയ്യുക എന്ന ലക്ഷ്യവും ഉണ്ടായിരുന്നതുകൊണ്ടാണ്.

കച്ചവടസംഘത്തെ മുസ്‌ലിംകൾക്ക് പിടികൊടുക്കാതെ രക്ഷപ്പെടാൻ അനുവദിച്ചത് അല്ലാഹുവിന്റെ തന്ത്രമായി കരുതാവുന്നതാണ്. അവരെ മുസ്‌ലിംകൾ പിടികൂടി ചരക്കുകൾ കൈവശപ്പെടുത്തി എന്നിരിക്കട്ടെ, ഖുറൈശികളുടെ ഐക്യവും രോഷവും യുദ്ധാവേശവും അത് പാരമ്യത്തിലെത്തിക്കുമായിരുന്നു. തങ്ങൾ ഏറ്റം വെറുക്കുന്നവരുടെ പിടിയിൽനിന്ന് സ്വന്തം ധനം സംരക്ഷിക്കാനുള്ള വ്യഗ്രതയോടെ ആർത്തലച്ചെത്തുന്ന ഖുറൈശികൾ മുസ്‌ലിംകളെ ചതച്ചരക്കുമായിരുന്നു. ഇനി മുസ്‌ലിംകൾ ഖുറൈശിപ്പടയെ നേരിടാൻ നിൽക്കാതെ മദീനയിലേക്ക് പിൻവാങ്ങിയാലോ, അത് ഖുറൈശികളുടെ വൻ വിജയമായും ഇസ്‌ലാമിന്റെ പരാജയമായും വ്യാഖ്യാനിക്കപ്പെടും. ഖുറൈശികളും മദീനയിലെ യഹൂദരും മുസ്‌ലിംകളുടെ ആ ദൗർബല്യം നന്നായി മുതലെടുക്കുകയും ചെയ്യും. മുസ്‌ലിംകൾക്ക് മക്കയിലുണ്ടായ അതേ ദുരവസ്ഥ തന്നെ മദീനയിലും നേരിടുക എന്നതായിരിക്കും അതിന്റെ ഫലം. അതിനാൽ ഇസ്‌ലാമിന്റെ നിലനിൽപിന് ശത്രുക്കളുമായി വിജയകരമായ ഒരേറ്റുമുട്ടൽ അനിവാര്യമായിരുന്നു. വൈകുംതോറും അതിന്റെ കാഠിന്യം വർധിക്കുകയേയുള്ളൂ. കച്ചവടസംഘം കൈവിട്ടുപോകുന്നതിലൂടെ വാസ്തവത്തിൽ അല്ലാഹു മുസ്‌ലിംകളെ അനുഗ്രഹിക്കുകയായിരുന്നു. സംഘം രക്ഷപ്പെട്ട വിവരമറിഞ്ഞതോടെ ഖുറൈശിപ്പടയിൽ നേരത്തേയുണ്ടായിരുന്ന ഭിന്നാഭിപ്രായങ്ങൾ ശക്തിപ്പെട്ടു. തിരിച്ചുപോകണമെന്നാഗ്രഹിക്കുന്നവർ വർധിച്ചു. യുദ്ധം തുടങ്ങുന്നതിന് തൊട്ട് മുമ്പുപോലും ചില പ്രമുഖന്മാർ അതൊഴിവാക്കാൻ ശ്രമിക്കുകയുണ്ടായി. ഉദാഹരണമായി ഉത്ബതുബ്നു റബീഅ പരസ്യമായി പ്രഖ്യാപിച്ചു: "അല്ലയോ ഖുറൈശികളേ, മുഹമ്മദിനോടും കൂട്ടരോടും ഏറ്റുമുട്ടിയതുകൊണ്ട് നിങ്ങൾ ഒന്നും നേടാൻ പോകുന്നില്ല. അവരെ തോൽപിച്ചാൽ ആ മൃതദേഹങ്ങൾക്കിടയിൽ സ്വന്തം പിതൃവ്യന്മാരെയും അമ്മാവന്മാരെയും മറ്റു ബന്ധുക്കളെയുമാണ് നിങ്ങൾക്ക് കാണേണ്ടിവരിക. മുഹമ്മദിന്റെ കാര്യം ഇതര ഗോത്രങ്ങൾക്ക് വിട്ടുകൊടുത്ത് നമുക്ക് തിരിച്ചുപോകാം. അവർ അയാളെ കൊല്ലുന്നുവെങ്കിൽ നിങ്ങളുടെ ആഗ്രഹം സഫലമായെന്നു സമാധാനിക്കാം. മറിച്ചാണെങ്കിൽ അയാളിൽനിന്ന് നിങ്ങൾക്ക് ദ്രോഹമൊന്നുമുണ്ടാവുകയുമില്ല." അബൂജഹ്ൽ ഇതു കേട്ട് കലിതുള്ളുകയായിരുന്നു. ഇത്തരം പടലപിണക്കങ്ങൾ പടയുടെ വീര്യത്തിന്റെ ഊഷ്മാവ് വല്ലാതെ കുറക്കുകയുണ്ടായി. ഇതെല്ലാം സത്യത്തെ സാക്ഷാത്കരിക്കാനും മിഥ്യയെ തകർക്കാനുമുള്ള അല്ലാഹുവിന്റെ തീരുമാനത്തിന്റെ പ്രയോഗരൂപങ്ങളായിരുന്നു.

**9:** ഇവിടം മുതൽ കുറേ സൂക്തങ്ങളിൽ ബദ്‌റിൽ മുസ്‌ലിംകൾക്ക് അല്ലാഹു നൽകിയ സഹായങ്ങൾ അനുസ്മരിപ്പിക്കുകയാണ്. യുദ്ധമുതലുകളുടെ മൗലികമായ അവകാശം അല്ലാഹുവിനും റസൂലിനുമാകുന്നു എന്ന വിധിയുമായി പൊരുത്തപ്പെടാൻ പ്രയാസപ്പെടുന്ന, രണാങ്കണത്തിൽനിന്ന് തങ്ങൾ പിടിച്ചെടുത്ത മുതലുകൾ തങ്ങൾക്കുതന്നെ ലഭിക്കേണ്ടതാണ് എന്നു കരുതുന്നവരെ ഓർമിപ്പിക്കുകയാണ്: ഈ യുദ്ധവിജയവും യുദ്ധമുതലുകളും സ്വന്തം കരുത്തുകൊണ്ടും കൗശലംകൊണ്ടും മാത്രം നേടിയതാണ് എന്ന വിചാരമാണ് നിങ്ങളെ ഇങ്ങനെ ചിന്തിപ്പിക്കുന്നത്. എന്നാൽ യാഥാർഥ്യമൊന്ന് ആലോചിച്ചുനോക്കുക. ഇങ്ങനെയൊരു സംഘട്ടനത്തെ അഭിമുഖീകരിക്കാൻ തുടക്കം മുതലേ മടിക്കുകയായിരുന്നു നിങ്ങൾ. പ്രവാചകനോടുള്ള വാക്കുപാലിക്കാൻ അദ്ദേഹത്തോടൊപ്പം പുറപ്പെട്ടെങ്കിലും തോൽവി സുനിശ്ചിതമായ ഒരു യുദ്ധത്തിനാണ് പുറപ്പെടുന്നത് എന്നായിരുന്നു നിങ്ങളുടെ മനോഭാവം. ശത്രുവിന്റെ ആൾബലവും ആയുധബലവും നിങ്ങളെ സംഭീതരാക്കിയിരുന്നു. ആ സന്ദർഭത്തിൽ നിങ്ങൾ അല്ലാഹുവിനോട് ആപത്‌രക്ഷ തേടുകയായിരുന്നു. تَسْتَغِيثُونَ എന്നാണ് മൂലപദം. **استغاثة** എന്ന മൂലത്തിൽനിന്നുള്ള മധ്യമപുരുഷ വർത്തമാനകാല ബഹുവചന ക്രിയയാണ് അത്. ഒരു മഹാവിപത്ത് അല്ലെങ്കിൽ പ്രതിസന്ധി ആസന്നമായെന്നും സ്വന്തം കഴിവുകൊണ്ട് അതിൽനിന്ന് രക്ഷപ്പെടാൻ സാധ്യമല്ലെന്നും ബോധ്യപ്പെടുന്ന ഘട്ടത്തിൽ പരസഹായം തേടി നിലവിളിക്കുകയാണ് **استغاثة**. അത് മറ്റു മനുഷ്യരോടാവാം. പ്രകൃത്യാതീത ശക്തികളോടുമാവാം. മാനുഷികവും പ്രകൃതിപരവുമായ എല്ലാ മാർഗങ്ങളും അടയുമ്പോഴാണ് അധികവും ഇങ്ങനെ നിലവിളിക്കേണ്ടിവരിക. അതുകൊണ്ടുതന്നെ ഇസ്തിഗാസ അധികവും പ്രകൃത്യാതീത ശക്തികളോടായിരിക്കും. ചിലർ അല്ലാഹുവിനോട്. ചിലർ മലക്കുകളോട്, ചിലർ മറ്റു ദേവീ-ദേവന്മാരോട്, ചിലർ മൺമറഞ്ഞ പുണ്യാത്മാക്കളോട്. കാര്യകാരണ നിയമപ്രകാരം സഹായിക്കാൻ കഴിവുള്ളവരോട് സഹായം ആവശ്യപ്പെടുന്നതും അതിനുവേണ്ടി വിളിച്ചു നിലവിളിക്കുന്നതും അനുവദനീയമാകുന്നു. അല്ലാഹുവിനോട് സഹായം തേടുന്നതും വിളിച്ചുപ്രാർഥിക്കുന്നതും ദീൻ ആവശ്യപ്പെട്ടിട്ടുള്ളതാണ്. അല്ലാഹുവല്ലാത്ത പ്രകൃത്യാതീത ശക്തികളോട് - അത് ഭൂതപ്രേതാദികൾ പോലെ സാങ്കൽപികമാകട്ടെ- മലക്കുകൾ, ജിന്നുകൾ തുടങ്ങിയ യാഥാർഥ്യങ്ങളാകട്ടെ - വിളിച്ചുപ്രാർഥിക്കുന്നത് നിഷിദ്ധമായ ഇസ്തിഗാസയാകുന്നു. അല്ലാഹുവല്ലാത്ത ഒരു പ്രകൃത്യാതീത ശക്തിക്കും മനുഷ്യന് ഗുണമോ ദോഷമോ ചെയ്യാനുള്ള കഴിവില്ല എന്നതാണ് കാരണം. ഒരാപത്തിലകപ്പെടുമ്പോൾ തന്റെ നിലവിളികേട്ട് ഓടിയെത്താൻ സാധ്യതയുള്ള മനുഷ്യരോട് സഹായിക്കണേ എന്ന് നിലവിളിക്കുന്നത് അനുവദനീയമായ ഇസ്തിഗാസയും അല്ലാഹുവേ രക്ഷിക്കണേ എന്നു നിലവിളിക്കുന്നത് അനുശാസിക്കപ്പെട്ട ഇസ്തിഗാസയും മുഹ്‌യിദ്ദീൻ ശൈഖേ കാക്കണേ എന്നു നിലവിളിക്കുന്നത് നിഷിദ്ധമായ ഇസ്തിഗാസയുമാകുന്നു. മുഹ്‌യിദ്ദീൻ ശൈഖിന് അല്ലാഹുവിനേക്കാൾ, അല്ലെങ്കിൽ അല്ലാഹുവിനെപ്പോലെ തന്റെ നിലവിളി കേൾക്കാനും ആർത്ത

ത്രാണം ചെയ്യാനും കഴിവുണ്ട് എന്ന വിശ്വാസത്തോടെയാണ് അങ്ങനെ ചെയ്യുന്നതെങ്കിൽ അതു തികഞ്ഞ ശിർക്ക്-ബഹു ദൈവ വിശ്വാസം- ആകുന്നു. ഇസ്തിഗാസ ശിർക്കാണ് എന്ന് പറയുമ്പോൾ ഉദ്ദേശിക്കപ്പെടുന്നത് ഈ ഇസ്തിഗാസയാണ്.

പ്രകൃത സൂക്തം സൂചിപ്പിക്കുന്ന ഇസ്തിഗാസ ബദ്ർയുദ്ധം ആരംഭിക്കുന്നതിനുമുമ്പ് നബി(സ) നടത്തിയ പ്രാർഥനയാണ്. സൈനികശക്തി തുലനം ചെയ്യുമ്പോൾ മുസ്‌ലിം പക്ഷം സ്വാഭാവിക വിജയം അസാധ്യമാംവണ്ണം അവശവും ദുർബലവുമാണെന്നും വിജയത്തിന് അല്ലാഹുവിന്റെ സഹായം അനിവാര്യമാണെന്നും അതിൽ സൂചിപ്പിക്കുന്നുണ്ട്. ഒപ്പം ആസന്നമായ സംഘട്ടനത്തിൽ മുസ്‌ലിം പക്ഷം വിജയിച്ചില്ലെങ്കിൽ ഇസ്‌ലാമിന്റെ കഥ അതോടെ കഴിയുമെന്നും ബോധിപ്പിക്കുന്നു. യുദ്ധത്തിനുമുമ്പ് പ്രവാചകന്റെ പോലും അവസ്ഥ ഇതായിരുന്നുവെങ്കിൽ മറ്റുള്ളവരുടെ അവസ്ഥ വിശേഷിച്ചു പറയേണ്ടതില്ലല്ലോ. പ്രവാചകന്റെ പ്രാർഥന എല്ലാവരുടെയും പ്രാർഥനയായിരുന്നു. അതുകൊണ്ടാണ് പ്രവാചകന്റെ ഇസ്തിഗാസയെ 'നിങ്ങളുടെ ഇസ്തിഗാസ' എന്നു പരാമർശിച്ചത്. നിങ്ങളുടെ ഇസ്തിഗാസ അല്ലാഹു കേൾക്കുകയും സഹായിക്കുകയും ചെയ്തതിന്റെ ഫലമാണ് ഈ വിജയം. അതു നിങ്ങളുടെ കരുത്തുകൊണ്ടും കൗശലം കൊണ്ടും മാത്രം നേടിയതാണെന്ന വിചാരം മൗഢ്യമാണ്.

ബദ്ർ യുദ്ധത്തിന് തൊട്ടുമുമ്പ് നബി(സ) നടത്തിയ ഇസ്തിഗാസയെ ചരിത്രകാരന്മാർ ഉദ്ധരിക്കുന്നതിങ്ങനെയാണ്: ഖുറൈശിപ്പടയുടെ വലിപ്പവും ശക്തിയും കണ്ട് നബി(സ) ആത്യന്തം ആശങ്കാകുലനായി. ഇവിടെ തങ്ങൾ തോൽപിക്കപ്പെടുകയാണെങ്കിൽ ദീനുൽ ഇസ്‌ലാം ഈ ലോകത്തുനിന്ന് തുടച്ചുനീക്കപ്പെടുമെന്ന് ഉത്കണ്ഠപ്പെട്ട് അദ്ദേഹം തന്നെ സമ്പൂർണമായി അല്ലാഹുവിൽ സമർപ്പിച്ചുകൊണ്ട് പ്രാർഥിക്കാൻ തുടങ്ങി. അല്ലാഹു തന്നോട് ചെയ്തിട്ടുള്ള സഹായ വാഗ്ദാനം സഫലമാക്കേണ്ട സമയമാണിതെന്ന് ബോധിപ്പിച്ചു. അവനല്ലാതെ ആരും തങ്ങളെ സഹായിക്കാനില്ലെന്നും ആർക്കും സഹായിക്കാനാവില്ലെന്നും അങ്ങേയറ്റത്തെ താഴ്മയോടെ, നിസ്സഹായതയോടെ ഇസ്തിഗാസ ചെയ്തു. തിരുമേനി പറഞ്ഞു: 'അല്ലാഹുവേ നിന്റെ ദൂതനെ നിഷേധിക്കാൻ ഖുറൈശികളിതാ അവരുടെ സകല ഗർവിഷ്ഠരെയും കൊണ്ടുവന്നിരിക്കുന്നു. അതിനാൽ നീ വാഗ്ദത്തം ചെയ്ത സഹായം എനിക്ക് ഇപ്പോൾതന്നെ നൽകേണമേ. ഇന്ന് ഈ കൊച്ചുസംഘം ഉന്മൂലനം ചെയ്യപ്പെട്ടാൽ നിനക്ക് ഇബാദത്ത് ചെയ്യാൻ ആരും അവശേഷിക്കുകയില്ല നാഥാ.' പ്രവാചകൻ മനമുരുകി മാനത്തേക്ക് കൈ ഉയർത്തി ഇങ്ങനെ പ്രാർഥിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ അദ്ദേഹത്തിന്റെ ശിരോവസ്ത്രം നിലത്തുവീണു. അതെടുത്തു തോളിലിട്ടുകൊടുത്തുകൊണ്ട് അബൂബക്ർ(റ) അദ്ദേഹത്തെ സമാധാനിപ്പിച്ചു: 'തിരുദൂതരേ, അങ്ങ് ഇത്രയും പ്രാർഥിച്ചാൽ മതി. അല്ലാഹു അങ്ങയോട് ചെയ്ത വാഗ്ദാനം പാലിക്കുക തന്നെ ചെയ്യും.' പക്ഷേ, പ്രവാചകൻ (സ) പ്രാർഥന തുടർന്നുകൊണ്ടേയിരുന്നു. നീണ്ട പ്രാർഥനക്കിടയിൽ അദ്ദേഹം മയങ്ങിപ്പോയി. ഈ സന്ദർഭത്തിൽ അല്ലാഹു അദ്ദേഹത്തിനു വെളിപാടു നൽകി: ഉറച്ചുനിന്നു പൊരുതിക്കൊള്ളുക. ഞാൻ മലക്കുകളെ അയച്ച് നിങ്ങളെ സഹായിക്കുന്നുണ്ട്. നിങ്ങൾ വിജയിക്കുകതന്നെ ചെയ്യും. അതോടെ അദ്ദേഹം സന്തുഷ്ടനായി. മയക്കത്തിൽനിന്നുണർന്ന് ശിഷ്യന്മാരോട് പ്രഖ്യാപിച്ചു: "മുഹമ്മദിന്റെ ആത്മാവ് ആരുടെ ഹസ്തത്തിലാണോ അവനാണ, പിന്തിരിഞ്ഞോടാതെ ഫലേഛയോടെ ക്ഷമാപൂർവം ഉറച്ചുനിന്ന് ശത്രുക്കളോട് പൊരുതി വീരചരമം പ്രാപിക്കുന്നവരെ തീർച്ചയായും അല്ലാഹു സ്വർഗാവകാശിയാക്കും." ■